بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 23.12.2022

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ – ഖാമിസ് (അയ്യദഹുല്ലാഹ്)**

**യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്**

**ഖാദിയാനിലും ചില ആഫ്രിക്കൻ രാജ്യങ്ങളിലും ജൽസാ സാലാന ആരംഭിക്കുന്ന പശ്ചാത്തലത്തിൽ ജമാഅത്തംഗങ്ങൾ വിശ്വാസത്തിലും സ്ഥൈര്യത്തിലും ആത്മാർഥതയിലും കൂറിലും അഭിവൃദ്ധി പ്രാപിക്കാനുള്ള ഉപദേശങ്ങൾ.**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ﴿۲﴾
الرَّحۡمٰنِ الرَّحِیۡمِ ﴿۳﴾ مٰلِکِ یَوۡمِ الدِّیۡنِ ﴿۴﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ﴿۵﴾ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ﴿۶﴾
صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

ഇന്നു മുതൽ ഖാദിയാനിലും ചില ആഫ്രിക്കൻ രാജ്യങ്ങളിലും ജൽസ സാലാന ആരംഭിക്കുകയാണ്. ഓരോ രാജ്യത്തെയും ജൽസകളെ അല്ലാഹു എല്ലാ നിലയിലും അനുഗൃഹീതമാക്കട്ടെ. ജൽസയുടെ അവസാന ദിവസം ഞായറാഴ്ച ഖാദിയാനിലെ ജൽസയിൽ എന്റെ പ്രഭാഷണം ഉണ്ടായിരിക്കും,ഇൻശാ അല്ലാഹ്. അതിൽ ഏഴെട്ട് ആഫ്രിക്കൻ രാജ്യങ്ങളും പങ്കെടുക്കുന്നതാണ്. ഈ രാജ്യങ്ങളെയെല്ലാം എം.ടി.എ മുഖേന ലൈവായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നതായിരിക്കും. ഈ രാജ്യങ്ങളിലുള്ള ആളുകളെല്ലാം തന്നെ ഇന്ന് ഒരിടത്ത് ഒരുമിച്ചുകൂടി ഖുതുബ ശ്രവിക്കുന്നുണ്ടായിരിക്കുമല്ലോ. അതിനാൽ വാഗ്ദത്ത മസീഹി(അ)ന്റെ നിയോഗോദ്ദേശ്യത്തെയും ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെയും സംബന്ധിച്ച് അദ്ദേഹം നല്കിയ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ വിവരിക്കുകയാണ് ഈ അന്തരീക്ഷത്തിൽ ഉചിതമെന്ന് ഞാൻ മനസ്സിലാക്കുന്നു. നിരവധി നവാഗതരും പുതുതലമുറയിലെ അഹ്മദികളും ഈ ജൽസയിൽ പങ്കെടുക്കുന്നുണ്ട്. അതുകൊണ്ട് ഈ ദിനങ്ങളിൽ അവർ വിശ്വാസത്തിലും സ്ഥൈര്യത്തിലും ആത്മാർഥതയിലും കൂറിലും പുരോഗതി നേടാൻ ശ്രമിക്കുന്നതിനും, അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് ആ പുണ്യാത്മാവിന്റെ നിയോഗലക്ഷ്യത്തെയും സ്വന്തം ഉത്തരവാദിത്വങ്ങളെയും സംബന്ധിച്ച ഗ്രാഹ്യം കരസ്ഥമാക്കുന്നതിനും വേണ്ടി ഇക്കാര്യങ്ങൾ അറിയേണ്ടത് അനിവാര്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനലക്ഷ്യം എന്ത്? ഇക്കാലഘട്ടത്തിൽ അതു രൂപീകരിച്ചതിന്റെ ആവശ്യകതയെന്ത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എത്രമാത്രം അനുഗൃഹീതമായ കാലഘട്ടമാണിത്! കുഴപ്പം നിറഞ്ഞ ഈ ദിനങ്ങളിൽ നബിതിരുമേനി(സ)യുടെ സത്യത വെളിപ്പെടുത്തുന്നതിനായി അല്ലാഹു തന്റെ അനുഗ്രഹത്താൽ ഗൈബിലൂടെ അഥവാ അദൃശ്യ രഹസ്യങ്ങളിലൂടെ ഇസ്‌ലാമിനെ സഹായിക്കാനുള്ള സംവിധാനം ഒരുക്കിക്കൊണ്ട് ഒരു ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് സ്വന്തം ഹൃദയങ്ങളിൽ വേദന വച്ചുപുലർത്തുന്നവർ പറയട്ടെ, നബിതിരുമേനി(സ)യെ ഇതിലേറെ ചീത്ത പറയുകയും അവഹേളിക്കുകയും വിശുദ്ധ ഖുർആനെ നിന്ദിക്കുകയും ചെയ്ത മറ്റൊരു കാലഘട്ടം കഴിഞ്ഞുപോയിട്ടുണ്ടോ? ഇത്രയേറെ അവഹേളനങ്ങളുണ്ടായിട്ടും ഒരു ദൈവികപ്രസ്ഥാനം സ്ഥാപിച്ച് ഇസ്‌ലാമിന്റെ ശത്രുക്കളെ നിശ്ശബ്ദരാക്കിക്കൊണ്ട് അവിടുത്തെ മഹത്ത്വവും പരിശുദ്ധിയും പ്രചരിപ്പിക്കാതിരിക്കാൻ മാത്രം ദൈവദൃഷ്ടിയിൽ അന്തസ്സില്ലാത്ത വ്യക്തിയായിരുന്നോ നബിതിരുമേനി(സ)? എന്നാൽ അല്ലാഹു തന്നെയും, അവന്റെ മലക്കുകളും, നബിതിരുമേനിയിൽ സ്വലാത്ത് ചൊല്ലുന്നുണ്ട്. ഈ സ്വലാത്തിന്റെ പ്രകടനമെന്നോണമാണ് ഈ പ്രസ്ഥാനം അവൻ സ്ഥാപിച്ചിരിക്കുന്നത്. ആകയാൽ, വാഗ്ദത്ത മസീഹിൽ വിശ്വസിച്ചുകൊണ്ട് ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചിട്ടുള്ള നാം സ്വന്തം അവസ്ഥകൾ ശരിയാക്കുന്നതോടൊപ്പം നബിതിരുമേനി(സ)യിൽ സ്വലാത്ത് ചൊല്ലാനും കടപ്പെട്ടിരിക്കുന്നു. ഈ ദിനങ്ങളിൽ പ്രത്യേകിച്ചും ഇക്കാര്യത്തിലേക്ക് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. നബിതിരുമേനി(സ)യിൽ അധികമായി

നാം സ്വലാത്ത് ചെല്ലുകയാണെങ്കിൽ അവിടുത്തെ അന്തസ്സും മഹത്ത്വവും നിലനിറുത്തുന്നതിനുവേണ്ടി വാഗ്ദത്ത മസീഹ്[അ] വിവരിച്ചു തന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നവരായി നാം മാറുന്നതാണ്.

തന്റെ നിയോഗലക്ഷ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു: നബിതിരുമേനിയുടെ നഷ്ടപ്രതാപം ലോകത്ത് പുന:സ്ഥാപിക്കുന്നതിനും വിശുദ്ധ ഖുർആന്റെ സത്യത ലോകത്തിന് കാട്ടിക്കൊടുക്കുന്നതിനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങളെല്ലാം ഇപ്പോൾ നടക്കുന്നുണ്ട്. കണ്ണു മൂടിക്കെട്ടിയവർക്ക് പക്ഷേ അതു കാണാനാവില്ല. ഈ ജമാഅത്ത് ഇപ്പോൾ സൂര്യനെപ്പോലെ ജ്വലിച്ചുയർന്നിരിക്കുകയാണ്. അതിന്റെ ദൃഷ്ടാന്തങ്ങൾക്കും അടയാളങ്ങൾക്കും സാക്ഷിയായവർ നിരവധിയാണ്. അവരെ ഒരിടത്ത് ഒരുമിച്ചു കൂട്ടിയാൽ അത്രയേറെ ആളുകൾ ലോകത്തെ ഒരു ഭരണാധികാരിയുടെ സൈന്യത്തിനും ഉണ്ടാവുകയില്ല. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ഇന്ന് ആയിരക്കണക്കിന് അഹ്മദികൾ ജൽസകളിൽ പങ്കെടുക്കുന്നു എന്നതും ഈ അടയാളങ്ങളിൽ ഒന്നാണ്.

അവിടുന്ന് പറയുന്നു: ഈ പ്രസ്ഥാനത്തിന്റെ സത്യതയ്ക്കുള്ള ഉദാഹരണങ്ങൾ അനവധിയാണ്. അവയെല്ലാം വിവരിക്കുക എന്നത് എളുപ്പമല്ല. ഇസ്‌ലാം കടുത്ത നിലയിൽ അവഹേളിക്കപ്പെട്ടിരുന്നതിനാൽ ആ അവഹേളനമനുസരിച്ച് അല്ലാഹു ഈ പ്രസ്ഥാനത്തിന്റെ മഹത്ത്വം ഉയർത്തിക്കാട്ടിയിരിക്കുന്നു.

വീണ്ടും പറയുന്നു: ഇക്കാലഘട്ടവും ആത്മീയ യുദ്ധത്തിന്റേതാണ്. പിശാചുമായി യുദ്ധം ആരംഭിച്ചിരിക്കുന്നു. പിശാച് തന്റെ സകല ആയുധങ്ങളും യുദ്ധതന്ത്രങ്ങളുമായി ഇസ്‌ലാമിന്റെ കോട്ടയെ ആക്രമിക്കുകയാണ്. ഇസ്‌ലാമിനെ പരാജയപ്പെടുത്താനാണ് അവൻ ആഗ്രഹിക്കുന്നത്. എന്നാൽ പിശാചുമായുള്ള ഈ അവസാന യുദ്ധത്തിൽ അവനെ എന്നെന്നേക്കുമായി പരാജയപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഈ പ്രസ്ഥാനം സ്ഥാപിച്ചിരിക്കുന്നു.

ആകയാൽ, ഓരോ അഹ്മദിയുടെയും ഉത്തരവാദിത്വത്തിലേക്കാണ് ഇക്കാര്യം വിരൽ ചൂണ്ടുന്നത്.

അവിടുന്ന് പറയുന്നു: അദ്ദേഹത്തെ തിരിച്ചറിയുന്നവൻ അനുഗൃഹീതൻ! ഇനി കുറച്ച് കാലമേയുള്ളൂ. എങ്കിലും ഇപ്പോഴും പ്രതിഫലം ലഭിക്കുന്നതാണ്. ഈ പ്രസ്ഥാനത്തിന്റെ സത്യത സൂര്യനേക്കാൾ തേജസ്സാർന്ന നിലയിൽ അല്ലാഹു വെളിപ്പെടുത്തുന്ന കാലം ഇതാ സമാഗതമായിരിക്കുന്നു. വിശ്വാസത്തിന് പ്രതിഫലം ലഭിക്കാത്ത, തൗബയുടെ കവാടങ്ങൾ അടയ്ക്കപ്പെടുന്ന സന്ദർഭമായിരിക്കും അത്. ആകയാൽ, ഇന്ന് മസീഹ് മൗഊദി[അ]നെ സ്വീകരിക്കുകയും എതിർപ്പുകളെ നേരിട്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: വിശ്വസിച്ചതുകൊണ്ടുമാത്രമായില്ല; മറിച്ച്, ഒരു പരിശുദ്ധ പരിവർത്തനം സംജാതമാക്കുകയാണ് യഥാർഥ ലക്ഷ്യം. പരിശുദ്ധ തൗഹീദിൽ ചരിക്കുന്ന മനുഷ്യനായിത്തീരുകയാണ് വേണ്ടത്. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരു വ്യക്തി അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് അവന്റെ മാർഗങ്ങൾ അന്വേഷിക്കാൻ ശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതായാൽ وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا അതായത് നമ്മുടെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യുന്നവന് നാം നമ്മുടെ മാർഗം കാണിച്ചുകൊടുക്കുക തന്നെ ചെയ്യുമെന്ന നിയമമനുസരിച്ച് അല്ലാഹു തന്റെ മാർഗം കാണിച്ചു കൊടുക്കുന്നു. മനുഷ്യൻ മന:ശുദ്ധിയോടും സത്യസന്ധതയോടും കൂടി എല്ലാ നിഷിദ്ധ മാർഗങ്ങളിൽനിന്ന് വിട്ടുനിന്ന് ദൈവസവിധത്തിൽ കൈകൾ നീട്ടുവോളം അവൻ അല്ലാഹുവിന്റെ സഹായവും പിന്തുണയും ലഭിക്കാൻ യോഗ്യനായിത്തീരുന്നില്ല. അവന്റെ ഹൃദയം എല്ലാവിധ ഇന്ദ്രിയാശകളിൽനിന്ന് ശുദ്ധമാണെന്ന് അല്ലാഹു കാണുമ്പോൾ അവനുവേണ്ടി തന്റെ കാരുണ്യകവാടങ്ങൾ തുറന്നുകൊടുക്കുകയും അവന് തണലേകിക്കൊണ്ട് കാത്തു രക്ഷിക്കേണ്ട ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുകയും ചെയ്യുന്നു. അവന്റെ ഹൃദയതന്ത്രികളിലെവിടെയെങ്കിലും ശിർക്കിന്റെയോ അനാചാരത്തിന്റെയോ വല്ല അംശമെങ്കിലുമുണ്ടായാൽ അവന്റെ പ്രാർഥനകളും ആരാധനകളും അല്ലാഹു അവന്റെ മുഖത്തേക്ക് വലിച്ചെറിയുന്നു.

സഹാബാക്കളുടെതുപോലുള്ള മാതൃക അവലംബിക്കുകയും അവരെപ്പോലെ ആത്മാർഥതയും കൂറും സംജാതമാക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: അല്ലാഹു ഈ പ്രസ്ഥാനം സ്ഥാപിക്കുകയും ഇതിനെ പിന്തുണച്ച് നൂറുകണക്കിന് അടയാളങ്ങൾ പ്രകടമാക്കുകയും ചെയ്തതിന്റെ ഉദ്ദേശ്യം, ഈ ജമാഅത്ത് സഹാബാക്കളുടെതുപോലുള്ള ജമാഅത്തായിത്തീരുകയും ഇസ്‌ലാമിലെ ആദ്യ നൂറ്റാണ്ടു പോലുള്ള കാലഘട്ടം സമാഗതമാവുകയും ചെയ്യുക എന്നതാണ്. ഈ ജമാഅത്തിൽ പ്രവേശിക്കുന്നവർ اٰخَرِيْنَ مِنْهُمْ ആയ കൂട്ടരിൽ ഉൾപ്പെടുന്നതിനാൽ അവർ വ്യാജകർമങ്ങളുടെ അങ്കി

അഴിച്ചു വച്ച് തങ്ങളുടെ ശ്രദ്ധയെല്ലാം അല്ലാഹുവിൽ കേന്ദ്രീകരിക്കട്ടെ.

ഇസ്‌ലാമിൽ മൂന്നു കാലഘട്ടങ്ങൾ കഴിഞ്ഞു പോയിട്ടുണ്ട്. ഒന്ന്, ആദ്യമൂന്നു നൂറ്റാണ്ടുകളാണ്. തുടർന്ന് ഇരുട്ടിന്റെ കാലഘട്ടം വരുന്നു. അതു തന്നിൽനിന്നുള്ളതോ താൻ അതിൽനിന്നുള്ളതോ അല്ല എന്നാണ് നബിതിരുമേനി(സ) പറഞ്ഞിരിക്കുന്നത്. മൂന്നാമത്തെ കലഘട്ടമായ ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലഘട്ടം വാസ്തവത്തിൽ നബിതിരുമേനിയുടെ കാലഘട്ടമാണ്. സഹാബാക്കളുടെ രീതിക്കു നിരക്കാത്ത അഥവാ അവരുടെ കർമങ്ങൾക്ക് വിരുദ്ധമായ ഒരു കാലഘട്ടം കൂടിയുണ്ടെന്നാണ് اٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്ന വചനം വ്യക്തമാക്കുന്നത്. ഈ ആയിരം വർഷത്തിനിടെ നിരവധി വിപത്തുകൾക്ക് ഇസ്‌ലാം ഇരയായിത്തീർന്നു. ദീൻ ദുഷിച്ചു പോവുകയും ഏതാനും പേരൊഴിച്ച് മറ്റെല്ലാവരും ഇസ്‌ലാം ഉപേക്ഷിക്കുകയും ചെയ്തു. നിരവധി കക്ഷികൾ ഉണ്ടായിത്തീർന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സഹാബാക്കളുടെ സംഘം എന്നു വിളിക്കപ്പെടുന്ന മറ്റൊരു വലിയ സംഘം ഉണ്ടാക്കാൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നു. താൻ സ്ഥാപിച്ച പ്രസ്ഥാനത്തിന് ക്രമാനുഗതമായ പുരോഗതി നല്കുക എന്നത് അല്ലാഹുവിന്റെ പ്രകൃതിനിയമമായതിനാൽ നമ്മുടെ ജമാഅത്തും ഘട്ടം ഘട്ടമായിട്ടായിരിക്കും അഭിവൃദ്ധി പ്രാപിക്കുക. അതൊരു കൃഷിപോലെയാണ്. അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഭൂമിയിൽ വിതയ്ക്കപ്പെട്ട വിത്തുകളെപ്പോലെയാണ്. അല്ലാഹു കൊണ്ടെത്തിക്കാൻ ആഗ്രഹിക്കുന്നിടത്തേക്ക് ഇനിയും ബഹുദൂരമുണ്ട്. ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ജനങ്ങൾ കരസ്ഥമാക്കണമെന്നാണ് അല്ലാഹു ആഗ്രഹിക്കുന്നത്. തൗഹീദ് ഏറ്റുപറയുന്നതിലും ദൈവസ്മരണയിലും സ്വന്തം സഹോദരങ്ങളോടുള്ള കടമ നിറവേറ്റുന്നതിലും സവിശേഷമായ നിലവാരം പുലർത്തേണ്ടതുണ്ട്. ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിനു വേണ്ടി നാം പരിശ്രമിക്കേണ്ടതാണ്. അപ്പോഴേ ജമാഅത്തിന്റെ പുരോഗതി നാം ദർശിക്കുകയുള്ളൂ.

വിശുദ്ധ ഖുർആൻ പ്രത്യേകം ശ്രദ്ധിച്ചും ഗ്രഹിച്ചും പാരായണം ചെയ്യണമെന്ന് ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: കഥാകഥന രൂപത്തിലായിരുന്ന മുൻകാല ഗ്രന്ഥങ്ങളുടെ അധ്യാപനങ്ങൾക്ക് വൈജ്ഞാനിക നിറം നല്കിക്കൊണ്ട് ആ ഗ്രന്ഥങ്ങളോടും പ്രവാചകന്മാരോടും വിശുദ്ധ ഖുർആൻ ഔദാര്യം കാണിച്ചിരിക്കുന്നുവെന്ന കാര്യം ഓർക്കേണ്ടതാണ്. ഞാൻ സത്യമായും പറയുന്നു, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുവോളം ഒരു വ്യക്തിക്കും ഈ കഥകളും കിസ്സകളും കൊണ്ട് മോക്ഷം പ്രാപിക്കാനാവില്ല. എന്തെന്നാൽ, നിർണിത വചനമാണ് അതെന്നത് വിശുദ്ധ ഖുർആന്റെ മാത്രം സവിശേഷതയാണ്. നമ്മുടെ ശത്രുക്കൾ കടുത്ത നിലയിൽ നമ്മെ എതിർക്കുന്നത് വിശുദ്ധ ഖുർആൻ സമ്പൂർണ വെളിച്ചവും യുക്തിജ്ഞാനവും ദിവ്യജ്ഞാനവുമാണെന്ന് അല്ലാഹു പറഞ്ഞതുപോലെ ത്തന്നെ നാം എടുത്തുകാട്ടുന്നതുകൊണ്ടാണ്. വിശുദ്ധ ഖുർആനെ ഒരു തത്ത്വദർശനമായി കണ്ട് അധികമായി പാരായണം ചെയ്യുക. ഓരോ അഹ്മദിയും അതിന്റെ അർഥങ്ങളിലേക്കും വ്യാഖ്യാനങ്ങളിലേക്കും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ആകയാൽ, വാഗ്ദത്ത മസീഹി(അ)ന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ നാം ബാധ്യസ്ഥരാണ്. അതാവശ്യവുമാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ബൈഅത്ത് ഒരു ഗുണവും ചെയ്യില്ല.

പറയുന്നു: നിങ്ങൾ ഇപ്പോൾ തൗബ ചെയ്തിരിക്കുകയാണല്ലോ. ഈ തൗബയിലൂടെ നിങ്ങൾ നിങ്ങളെത്തന്നെ എത്രമാത്രം ശുദ്ധീകരിച്ചുവെന്ന് അല്ലാഹു കാണാൻ ആഗ്രഹിക്കുന്നു. എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. ഇക്കാലത്ത് ഹദ്റത്ത് ആദം(അ)ന്റെ ദുആ വളരെയധികം ചൊല്ലുക. رَبَّنَا ظَلَمْنَآ اَنْفُسَنَا

وَاِنْ لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُوْنَنَّ مِنَ الْخٰسِرِيْنَ

ഈ പ്രാർഥന ആദ്യം തൊട്ട് സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ജീവിതം അശ്രദ്ധയോടെ കഴിച്ചുകൂട്ടരുത്. അശ്രദ്ധയോടെ ജീവിതം നയിക്കാത്ത വ്യക്തി തന്റെ കഴിവിന്നതീതമായ വല്ല പരീക്ഷണത്തിലും അകപ്പെടുമെന്ന് ഒരിക്കലും പ്രതീക്ഷിക്കാവതല്ല. ഏതൊരു പരീക്ഷണവും ദൈവകല്പനയാലാണ് വരുന്നത്.

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ

എന്ന ദുആ എനിക്ക് വെളിപാടുണ്ടായതുപോലെ, ഈ ദുആ ചൊല്ലിക്കൊണ്ടിരിക്കാനും കല്പിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, പിശാചിൽനിന്ന് രക്ഷപ്പെട്ടുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരാൻ നാം പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിച്ചതുപോലെ നാം ആയിത്തീർന്നുവോ എന്ന് ലോകത്തിലെ ഓരോ അഹ്മദിയും ചിന്തിക്കട്ടെ. അങ്ങനെയായിത്തീർന്നിട്ടില്ലെങ്കിൽ, നാം അതിനായി സദാ പരിശ്രമിക്കു

കയും പ്രാർഥിക്കുകയും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്കേവർക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഖുതുബയുടെ അവസാനം ഹുസൂർതിരുമനസ്സ് ( അയ്യദഹുല്ലാഹു) ജാമിഅ അഹ്മദിയ്യ യു.കെ യിൽ സേവനം അനുഷ്ഠിച്ചിരുന്ന ഫസൽ അഹ്മദ് ഡോഗർ സാഹിബ് റബ്വയിലെ മുറബ്ബിയായിരുന്ന മൻസൂർ അഹ്മദ് ഉമർ സാഹിബ്, ഗാമ്പിയയിലെ മുഅല്ലിം ആയിരുന്ന ഈസാ ജോസഫ് സാഹിബ് എന്നിവരുടെ നിര്യാണത്തിൽ അവരെ അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങൾ എടുത്തു പറയുകയും ജുമുഅ നമസ്കാരത്തിനുശേഷം ജനാസ നമസ്കാരം ഉണ്ടായിരിക്കുമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَنَسْتَعِيْنُهٗ وَنَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَمِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ وَنَشْهَدُ أَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ. عِبَادَ اللّٰه
رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَالْبَغْيِ يَعِظُكُمْ لَعَلَّكُمْ
تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ.

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarack U.K. – on 23.12.2022
Malayalam Translation : Moulavi **Arif Muhammad Shahid** For Malayalam Desk, Qadian.
Layout : **Abu al-Qasim**
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516